പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4910

24/07/2015 -ൽ
മറുപടിയ്ക്ക്

## ശബരിമല മാസ്റ്റർ പ്ലാൻ

ചോദ്യം

ശ്രീ. രാജു എബ്രഹാം

ഉത്തരം

ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പു മന്ത്രി.

| ചോദ്യം | ഉത്തരം |
| --- | --- |
| എ) ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ഏതൊക്കെ നിർമ്മാണ പ്രവൃത്തികളാണ്; ഓരോ പ്രവൃത്തിയ്ക്കും എത്ര രൂപ ചെലവു വരും; വിശദമാക്കാമോ; | എ) ശബരിമല മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളുടേയും ഓരോ പ്രവൃത്തിക്കും വരുന്ന ചെലവും അടങ്ങുന്ന ലിസ്റ്റ് ഇതോടൊപ്പം ചേർത്തിട്ടുണ്ട് (Annexure-I) |
| ബി) ശബരിമല മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തി പണി പൂർത്തിയായത് ഏതൊക്കെ പദ്ധതികളാണ്; മറ്റുള്ളവയുടെ പണികൾ ഏതു ഘട്ടംവരെയായി; വിശദമാക്കാമോ; | ബി) ശബരിമല മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തി പൂർത്തിയാക്കിയ പദ്ധതികളുടേയും നടന്നുകൊണ്ടിരിക്കുന്ന പദ്ധതികളുടേയും വിശദാംശങ്ങൾ അടങ്ങിയ ലിസ്റ്റ് ഇതോടൊപ്പം ചേർത്തിട്ടുണ്ട്. [Annexure-II(A)& (B)] |
| സി) മാസ്റ്റർ പ്ലാനിൻെറ ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തി പണി ആരംഭിക്കാത്ത പദ്ധതികൾ ഉണ്ടോ; എങ്കിൽ ഏതൊക്കെ; ഇവയുടെ നിർമ്മാണം വൈകാനുള്ള കാരണം വ്യക്തമാക്കാമോ; മാസ്റ്റർ പ്ലാനിലെ പണികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കും; വിശദമാക്കാമോ; | സി) ശബരിമല-കുന്നാർ ഡാമിൻെറ വാട്ടർ റീട്ടെയിനിംഗ് സ്ട്രെക്ച്ചഴ്സിൻെറ ഉയരം കൂട്ടുന്നതിനുള്ള പണികൾ ആരംഭിച്ചിട്ടില്ല. നാഷണൽ വൈൽഡ് ലൈഫ് ബോർഡിൻെറ അനുമതി ലഭിച്ചാൽ മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. നാഷണൽ വൈൽഡ് ലൈഫ് ബോർഡിൻെറ അനുമതിക്കായി അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും ഇക്കാര്യത്തിൽ അനുമതി ലഭിച്ചിട്ടില്ല. |
| ഡി) മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയ നിലയ്ക്കൽ ബേസ് മെൻറിൻെറ നിർമ്മാണത്തിനായി എത്ര ഏക്കർഭൂമിയാണ് ഏറ്റെടുത്തിരിക്കുന്നത്; എന്തൊക്കെ നിർമ്മാണ പ്രവർത്തനങ്ങളാണ് ഇവിടെ വിഭാവനം ചെയ്തിരിക്കുന്നത്; അയ്യപ്പഭക്തർക്ക് ചികിത്സ നൽകാനുള്ള ആശുപത്രിയുടെ നിർമ്മാണവും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആശുപത്രിയിൽ എന്തൊക്കെ | ഡി) 110 ഹെക്ടർ. അടിസ്ഥാന സൗകര്യങ്ങളായ ടോയ്‌ലറ്റ്, അക്കോമഡേഷൻ, വാട്ടർ സപ്ലൈ, ലൈറ്റ് സംവിധാനങ്ങൾ, പാർക്കിംഗ് സൗകര്യങ്ങൾ, ആശുപത്രി, റോഡുകളുടെ വികസനം എന്നിവയാണ് നിലയ്ക്കൽ ബയ്സ് ക്യാമ്പിൻെറ വികസനവുമായി ബന്ധപ്പെടുത്തി നടത്തിയിട്ടുള്ളത്. നിലവിൽ ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി നിർമ്മിച്ച കെട്ടിടത്തിൽ ഗവൺമെൻറ് ആശുപത്രി പ്രവർത്തിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | സൗകര്യങ്ങളാണ് വിഭാവനം ചെയ്തിരിക്കുന്നത്; എത്ര രൂപയാണ് പദ്ധതിക്കായി ചെലവഴിക്കുന്നത്; | | |
| ഇ) | നിലയ്ക്കൽ ബേസ് മെൻറിൻെറ നിർമ്മാണ പ്രവൃത്തികൾ ഏതു ഘട്ടം വരെയായി എന്ന് വിശദമാക്കാമോ; ഓരോ പ്രവൃത്തിയും ആരംഭിച്ചത് എന്നാണ്; നിർമ്മാണം വൈകാനുണ്ടായ കാരണം വ്യക്തമാക്കാമോ; നിർമ്മാണത്തിനുണ്ടായ തടസ്സങ്ങൾ എന്തൊക്കെ; ഇവ പരിഹരിക്കാൻ സർക്കാർ എന്തൊക്കെ നടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ; പദ്ധതി എന്നു പൂർത്തിയാക്കാനാവും എന്ന് അറിയിക്കുമോ? | ഇ) | 50 വർഷത്തെ പദ്ധതികൾ മുൻകൂട്ടി കണ്ടുകൊണ്ടാണ് ശബരിമല മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. ശബരിമല മാസ്റ്റർ പ്ലാനിൻെറ ഒന്നാംഘട്ട പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ഇതിൻെറ ഭാഗമായി നിലയ്ക്കൽ ബേസ് ക്യാമ്പിൽ പാർക്കിംഗ് സൗകര്യങ്ങൾ, റോഡുകൾ, താമസ സൗകര്യങ്ങൾ, വാട്ടർ സപ്ലൈ, സ്ഥിരം വൈദ്യുതി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്